# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 654** 28.02.2017-ൽ **മറുപടിക്ക്**

**നാദാപുരം മണ്ഡലത്തിൽ സമ്പൂർണ വൈദ്യുതീകരണം**

| | ചോദ്യം<br>ശ്രീ.ഇ.കെ.വിജയൻ : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | നാദാപുരം മണ്ഡലത്തിലെ സമ്പൂർണ വൈദ്യുതീകരണ പദ്ധതിയുടെ പ്രവർത്തനം വിശദീകരിക്കാമോ; | (എ) | സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം നാദാപുരം നിയോജകമണ്ഡലത്തിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് വിപുലമായ സംവിധാനങ്ങൾ കെ.എസ്.ഇ. ബി. ഏർപ്പെടുത്തിയിരുന്നു. ഇതനുസരിച്ച് പ്രസ്തുത മണ്ഡലത്തിൽ 727 ഗുണഭോക്താക്കൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.ഇതിൽ 357 പേർക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. ബാക്കിയുള്ള കണക്ഷൻ നൽകുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ച് വരികയാണ്. |
| (ബി) | സമ്പൂർണവൈദ്യുതീകരണത്തിനായി പ്രസ്തുത മണ്ഡലത്തിലെ അപേക്ഷകളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് എത്രയാണ് എന്ന് വിശദമാക്കാമോ; | (ബി) | പഞ്ചായത്തുതല റിപ്പോർട്ട് (see table below) |
| (സി) | നാദാപുരം മണ്ഡലത്തെ സമ്പൂർണമായി വൈദ്യുതീകരിച്ച മണ്ഡലമായി എന്ന് പ്രഖ്യാപിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ? | (സി) | ലഭിച്ച അപേക്ഷകളിൽ മുഴുവൻ പേർക്കും വൈദ്യുതി നൽകിക്കൊണ്ട് മാർച്ച് 2017 ഓട് കൂടി നാദാപുരം മണ്ഡലം സമ്പൂർണ്ണമായി വൈദ്യുതീകരിച്ച മണ്ഡലമായി പ്രഖ്യാപിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

പഞ്ചായത്തുതല റിപ്പോർട്ട്

| പഞ്ചായത്ത് | അപേക്ഷകൾ |
|---|---|
| ചെക്കിയാട് | 65 |
| നാദാപുരം | 98 |
| നരിപ്പറ്റ | 95 |
| തൂണേരി | 78 |
| വളയം | 69 |
| കാവിലുംപാറ | 44 |
| കായക്കൊടി | 71 |
| മരുതോങ്കര | 54 |
| എടച്ചേരി | 94 |
| വാണിമേൽ | 59 |

Kemalelle

**സെക്ഷൻ ഓഫീസർ**